KERALA POLICE INFORMATION CENTRE
Ph: 0471 2318188     Email: *info.pol@kerala.gov.in*

No.20/PR/PIC/PHQ/18     Date : 02.02.2018

## യുവനടി സനൂഷയ്ക്ക് പോലീസ് മേധാവിയുടെ പ്രശംസാപത്രം.

ട്രെയിൻ യാത്രയ്ക്കിടെ അപമാനിയ്ക്കാൻ ശ്രമിച്ചയാളെ ധീരതയോടെ പ്രതിരോധിച്ച നടി സനൂഷയ്ക്ക് ഇന്ന് (02/02/2018)രാവിലെ 11.00 മണിയോടെ പോലീസ് ആസ്ഥാനത്ത് ക്ഷണിച്ചുവരുത്തി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അഭിനന്ദന കത്തും പ്രശംസാപത്രവും നൽകി ആദരിച്ചു. ഈ സംഭവത്തിൽ ധീരതയോടെ പ്രതിരോധിച്ച സനൂഷ വളരെയധികം അഭിനന്ദനം അർഹിക്കുന്നതായും ഇത്തരം ചെറുത്തുനിൽപ്പുകൾ മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു. അതോടൊപ്പം തന്നെ പ്രസ്തുത സംഭവത്തിൽ സനൂഷയുടെ സഹായത്തിനെത്തുകയും അക്രമിയെ പ്രതിരോധിയ്ക്കാൻ കൂടെ നിൽക്കുകയും ചെയ്ത തിരക്കഥാകൃത്ത് ആർ.ഉണ്ണി, കോഴിക്കോട് സ്വദേശിയായ രഞ്ജിത്ത് എന്നിവരേയും അദ്ദേഹം അഭിനന്ദിച്ചു. ചടങ്ങിൽ എ ഡി ജി പി എസ്.ആനന്ദകൃഷ്ണൻ, ഐ ജി ദിനേന്ദ്ര കശ്യപ്, എ ഐ ജി ജി.ശ്രീധരൻ, എ എ ഐ ജി ഹരിശങ്കർ, എസ് പി എൻ.വിജയകുമാർ എന്നിവർ സന്നിഹിതരായിരുന്നു.

ബുധനാഴ്ച കണ്ണൂർ നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള ട്രെയിൻ യാത്രയ്ക്കിടെ സനൂഷ ബെർത്തിൽ ഉറങ്ങിക്കിടക്കവെയാണ് യുവാവ് ആന്റോ ജോസ് ശല്യപ്പെടുത്തിയത്. സനൂഷയുടെ പരാതിയെത്തുടർന്ന് തൃശൂർ റെയിൽവേ പോലീസ് കേസെടുത്ത് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

**********